

'ദ വേൾഡ് ഈസ് ഓപ്പൺ' ദേശീയ പുരസ്കാരം ഐ.ടി. അറ്റ് സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ അൻവർ സാദത്ത് പഞ്ചാബ് നാഷണൽ ബാങ്ക് ചെയർമാൻ ഡോ. ചക്രവർത്തിയിൽ നിന്നു സ്വീകരിച്ചപ്പോൾ

# ഐ.ടി. അറ്റ് സ്കൂൾ പദ്ധതിക്ക് 'ദ വേൾഡ് ഈസ് ഓപ്പൺ' പുരസ്കാരം

**തിരുവനന്തപുരം:** സ്വതന്ത്ര സോഫ്ട്‌വേർ ഉപയോഗിച്ചുള്ള മികച്ച പദ്ധതികൾക്കായി ഏർപ്പെടുത്തിയ 'ദ വേൾഡ് ഈസ് ഓപ്പൺ' ദേശീയ പുരസ്കാരത്തിന് കേരളത്തിലെ ഐ.ടി. അറ്റ് സ്കൂൾ അർഹമായി. സ്കോച്ച് കൺസൾട്ടൻസിയും റെഡ് ഹാറ്റും ചേർന്നാണ് പുരസ്കാരം നൽകുന്നത്.

എഡ്യൂസാറ്റിൽ വിദ്യാഭ്യാസത്തിനു മാത്രമായി ചാനൽ, പ്രതിവർഷം 16 ലക്ഷം വിദ്യാർഥികൾക്ക സ്വതന്ത്ര സോഫ്ട്‌വേറിൽ അധ്യയനവും പരീക്ഷയും, വിപുലമായ പരിശീലന – സഹായക സമ്പ്രദായം എന്നിവയാണ് ഐ.ടി. അറ്റ് സ്കൂളിനെ പുരസ്കാരത്തിനർഹമാക്കിയത്. കേരളത്തിലെ ഈ പ്രവർത്തനത്തിന് സമാനതകളില്ലെന്ന് കൺട്രോളർ ഓഫ് സർട്ടിഫയിങ് അതോറിട്ടി ഡോ. വിജയാദിത്യ, മുംബൈ ഐ.ഐ.ടി യിലെ ഡോ. ഫഠക്ക് എന്നിവരടങ്ങിയ ജൂറി അഭിപ്രായപ്പെട്ടു. ഇന്ത്യയിലെ 163 പദ്ധതികളാണ് അവാർഡിനായി പരിഗണിച്ചത്.

ഡൽഹിയിലെ ഇന്ത്യാ ഹാബിറ്റാറ്റ് സെൻററിൽ കഴിഞ്ഞ ദിവസം നടന്ന ചടങ്ങിൽ ഐ.ടി. അറ്റ് സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ അൻവർ സാദത്ത് പഞ്ചാബ് നാഷണൽ ബാങ്ക് ചെയർമാൻ ഡോ. ചക്രവർത്തിയിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി.